II ഇ.ബി. XIV-കേരള നിയമസഭ /II-20

**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2016 നവംബർ 04, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

61 (*691) അദ്ധ്യാപക പുനർവിന്യാസം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, 29.01.2016-ലെ ഉത്തരവ് പ്രകാരം 2011-12 അദ്ധ്യയന വർഷം മുതൽ 2014-15 വരെയുള്ള കാലയളവിലെ തസ്തിക നിർണ്ണയം നടത്തിയപ്പോൾ 3,674 അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് തസ്തിക നഷ്ടപ്പെട്ടതിൽ 2724 പേരെ പുനർവിന്യസിച്ചതായി സഭയെ അറിയിച്ചു. 06.08.2016-ലെ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം 2016-17 വർഷത്തേയ്ക്കുകൂടി ബാധകമാക്കിയത് ഹൈക്കോടതി ഇടക്കാല വിധിയനുസരിച്ച് സ്റ്റേ ചെയ്തിരിക്കുന്നതിനാൽ പുനർവിന്യാസം

തടസ്സപ്പെട്ടിരിക്കുകയാണെന്നും അതത് മാനേജ്മെന്റുകളിലുണ്ടായ ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നതിൽ തടസ്സമുണ്ടായിട്ടില്ലെന്നും മാത്ര ജില്ലയിൽ ഒഴിവുകളില്ലാതെ വരുന്ന സന്ദർഭത്തിൽമാത്രം മറ്റ് ജില്ലകളിൽ പുനർവിന്യസിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെയാണ് സർക്കാർ സ്കൂളുകളിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നത്. ഹയർ സെക്കണ്ടറി മേഖലയിൽ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതുവരെ ശമ്പളം ലഭിക്കാതിരുന്ന അദ്ധ്യാപകർക്ക് ദിവസവേതനാടിസ്ഥാനത്തിൽ ശമ്പളം നൽകുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ഭാഷാധ്യാപനത്തിന് അദ്ധ്യാപകരില്ലാത്ത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ സ്കൂളുകൾ ക്ലബ് ചെയ്ത് നിയമിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും മന്ത്രി അറിയിച്ചു. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിയുള്ളവർക്ക് 3 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കും ഇംഗ്ലീഷ്,ഹിന്ദി എന്നിവയിൽ പരിശീലനം നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കി

2019 മാർച്ച് 31 വരെ റിട്ടയർ ചെയ്യാൻ പോകുന്ന അദ്ധ്യാപകരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടെന്നും ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

62(*692) <u>ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം</u>

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടെന്നും വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്കായി ഇതുവരെ 7 ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിപ്രകാരം തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. കെ.എസ്.എച്ച്.ബി. ആക്ട്, 1971 പ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം എന്നീ മേഖലകളിലുള്ള കെട്ടിടനിർമ്മാണ ജോലികൾകൂടി നടപ്പിലാക്കിക്കൊണ്ട് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രമിക്കും. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തി ഭവനരഹിതമുക്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കാനാണ് ലക്ഷ്യമിടുന്നത്. സീഫ് ടെക്നോളജി വികസിപ്പിക്കുന്നതിന്റെയും പ്രചരിപ്പിക്കുന്നതിന്റെയും ഭാഗമായി പൊതുജനങ്ങൾക്കും

സാങ്കേതിക വിദഗ്ധർക്കും പരിശീലന പരിപാടികൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിക്കുന്ന നിർമ്മാണ യൂണിറ്റുകൾ, ഗുണമേന്മ പരിശോധനയ്ക്കായി പരിശോധനാ കേന്ദ്രങ്ങൾ എന്നിവ സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) മുഖേന നടപ്പാക്കി വരുന്നു. പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കെസ്നിക്കിന്റെ കാമ്പസിൽ ഒരു മാതൃകാഭവനം നിർമ്മിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) ആരംഭിച്ചു. കെട്ടിട നിർമ്മാണ ന്യായവില വിപണന കേന്ദ്രം (കലവറ) വഴി സിമന്റ്, കമ്പി എന്നിവ 600 ചതുരശ്ര അടി തറ വിസ്തീർണ്ണം വരെയുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പൊതു വിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് വിതരണം ചെയ്തുവരുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കോസ്റ്റ് ഫോർഡ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ജി.എഫ്.ആർ.ജി. പാനൽ (ഗ്ലാസ് ഫൈബർ റീഇൻഫോഴ്സ്ഡ് ജിപ്സം പാനൽ), ഇഷ്ടികകൊണ്ടുള്ള പൊള്ളക്കെട്ട്, ഫില്ലർ സ്ലാബ്, ബലപ്പെടുത്തിയ മൺകട്ടകൾ, ഇന്റർ ലോക്ക് മൺകട്ടകൾ, ബാംബു കൺസ്ട്രക്ഷൻ, മഡ് കൺസ്ട്രക്ഷൻ തുടങ്ങിയ ലോകോസ്റ്റ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്. മൈത്രി

ഭവനനിർമ്മാണ പദ്ധതി നിലവിലില്ലെന്നും വായ്പ തിരിച്ചടച്ചാലും ഭവന നിർമ്മാണ ബോർഡിൽനിന്ന് രേഖകൾ വിട്ടുകൊടുക്കാത്തത് സംബന്ധിച്ച് പരിശോധിക്കുമെന്നും ഭൂമി ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

63(*693) <u>ഭൂവിനിയോഗ ക്രമത്തിൽ മാറ്റം</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഭൂവിനിയോഗത്തിൽ മാറ്റം വരുത്തുന്നതിന് അനുമതി നൽകാൻ 1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം കളക്ടർമാർക്ക് (ജില്ലാ കളക്ടർ, ആർ.ഡി.ഒ) അധികാരം നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലില്ലെന്നും സഭയെ അറിയിച്ചു. നെൽവയലുകൾ തരിശിടുന്നത് തടയുന്നതിനുള്ള നടപടികൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് ക്ലോസ്സ് 7-ലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 15, 16 എന്നിവയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നെൽവയലുകൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് പ്രാദേശികതല സമിതിയുടെ ശിപാർശ സംസ്ഥാനതല സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ശാസ്ത്രീയമായി ഡാറ്റാബാങ്ക് ഉണ്ടാക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്ന്

ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5847 മുതൽ 6074 വരെയുള്ള ചോദ്യങ്ങളിൽ 73 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)